# സംയോജിത ശിശു സംരക്ഷണ പദ്ധതി - കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഹാജർ : റ്റി.വി അനുപമ ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ് - സംയോജിത ശിശു സംരക്ഷണ പദ്ധതി - തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി മൂന്നാം ഗഡു തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: (1) 10/01/2020-ലെ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നമ്പർ 32.17.

(2) മിനിസ്ട്രി ഓഫ് വിമൻ ആൻഡ് ചൈൽഡ് ഡവലപ്മെന്റിന്റെ 30/06/2020-ലെ കത്ത് നമ്പർ 22/30/2015-CW-II.

(3) ഈ കാര്യാലയത്തിൽ നിന്നുള്ള 10/08/2020, 01/02/2021. 23/03/2021 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ

(4) തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന്റെ 24/03/2021-ലെ കത്ത് നമ്പർ SHT/78/2020.

## ഉത്തരവ് നമ്പർ ICPS 2/0939/2020 തീയതി : 27/03/2021

വനിതാ ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിൽ കുട്ടികൾക്കുള്ള ലൈബ്രറി, ഭക്ഷണമുറി, പഠനമുറി എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനം, ബാസ്കറ്റ് ബോൾ, ഫുട്ബോൾ, ക്രിക്കറ്റ് കോർട്ടുകൾ നിർമ്മാണം, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, കുട്ടികളുടെ തുണി ഉണക്കുന്നതിനായി ഷെഡ്, റൂഫ് വാട്ടർ പ്രൂഫ് ചെയ്യുന്നത്, ഫ്ലോർ വർക്ക്, ഇലക്ട്രിക്കൽ വർക്കുകൾ, പെയിന്റിംഗ് വർക്കുകൾ, ഡ്രെയ്നേജ് സംവിധാനം എന്നിവയെല്ലാം ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം നാലാഞ്ചിറയിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി ഫോർ റൂറൽ ഡവലപ്മെന്റ് എന്ന സ്ഥാപനത്തിന്റെ 84,00,000/-രൂപയുടെ എസ്റ്റിമേറ്റിന്റെ 60% തുകയായ 50,40,000/-രൂപ (20% തുക മൂന്ന് ഗഡുക്കളായി) ഈ കാര്യാലയത്തിൽ നിന്നുള്ള പരാമർശം മൂന്ന് ഉത്തരവുകൾ പ്രകാരം അനുവദിച്ചിരുന്നു.

തിരുവനന്തപുരം ബോയ്സ് ഹോമിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരികയാണെന്നും പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഫണ്ട് ആവശ്യപ്പെട്ടു കൊണ്ടുള്ള 41,03,615/-രൂപയുടെ പാർട്ട് ബിൽ കോസ്റ്റ്ഫോർഡ് ലഭ്യമാക്കിയതായും, പാർട്ട് ബിൽ പ്രകാരമുള്ള തുകയുടെ ബാക്കി തുകയായ 24,23,615/-രൂപ അനുവദിക്കണമെന്ന് പരാമർശം നാല് പ്രകാരം സ്ഥാപന സൂപ്രണ്ട് അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

പരാമർശം ഒന്ന് പ്രകാരം ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാറിൽ നിന്നും ഐ.സി.പി.എസ് മാനദണ്ഡപ്രകാരം അനുവദിക്കുന്ന തുകയിൽ ആനുപാതിക സംസ്ഥാന ഫണ്ടു കൂടി ഉൾപ്പെടുത്തി ബിൽഡിംഗ് റീ-കൺസ്ട്രക്ഷൻ അംഗീകൃത ഏജൻസിയെ കൊണ്ട് ചെയ്യണമെന്ന് വ്യവസ്ഥയിൽ അംഗീകാരം ലഭിച്ചു. പരാമർശം രണ്ട് പ്രകാരം ഗവ ജെ.ജെ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും

PTO

മെയിൻറൻറൻസ് ജോലികൾക്കുമായി 291 ലക്ഷം രൂപയുടെ അനുമതി കേന്ദ്രസർക്കാറിൽ നിന്നും ലഭിച്ചു.

ടി സാഹചര്യത്തിൽ തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സെൻറർ ഫോർ സയൻസ് ആൻഡ് ടെക്നോളജി ഫോർ റൂറൽ ഡവലപ്മെൻറ് (COSTFORD) എന്ന സ്ഥാപനം സമർപ്പിച്ച പാർട്ട് ബിൽ പ്രകാരം പ്രകാരമുള്ള ബാക്കി തുകയായ 24,23,615/-രൂപ (ഇരുപത്തി നാല് ലക്ഷത്തി ഇരുപത്തി മൂന്നായിരത്തി അറുനൂറ്റി പതിനഞ്ച് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു

ടി തുക (24,23,615/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-61 (P) 34 OC-ൽ നിന്നും തിരുവനന്തപുരം ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. ജില്ലാ വനിതാ ശിശു വികസന ഓഫീസർ ടി തുക തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. പ്രസ്തുത തുക സ്ഥാപന സൂപ്രണ്ട് സെൻറർ ഫോർ സയൻസ് ആൻഡ് ടെക്നോളജി ഫോർ റൂറൽ ഡവലപ്മെൻറ് (COSTFORD)-ന് ട്രാൻസ്ഫർ ഓഫ് ക്രഡിറ്റ് (Bank Name : State Bank of India, Branch : Medical College,Account Number : 57036262612, IFS Code : SBIN0070029, MICR Code : 695002925) ചെയ്ത് നൽകേണ്ടതാണ്. സ്ഥാപന സൂപ്രണ്ട് ടി തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, കൈപറ്റ് രസീത് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

ജില്ലാ വനിതാ ശിശു വികസന ഓഫീസർ
തിരുവനന്തപുരം

സൂപ്രണ്ട്
ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്
പൂജപ്പുര, തിരുവനന്തപുരം

പകർപ്പ്

1. സൂപ്രണ്ട്, അലോട്ട്മെൻറ് സെക്ഷൻ (അലോട്ട്മെൻറ് നൽകുന്നതിനു വേണ്ടി)
2. ഐ.സി.പി.എസ്-4
3. സ്റ്റോക്ക് ഫയൽ
4. സ്പെയർ കോപ്പി
5. വെബ് സൈറ്റ്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM 12
WOMEN & CHILD DEVELOPMENT DEPARTMENT

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്